LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായമേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി

214(921) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ കേരളത്തിലെ കൈത്തറി വ്യവസായമേഖലയിൽ നിന്ന് കാൽലക്ഷത്തോളം തൊഴിലാളികൾ കൊഴിഞ്ഞു പോവുകയും നൂറോളം സഹകാര്യ-സഹകരണ ടെക്സ്റ്റയിൽ കമ്പനികൾ അടച്ചു പൂട്ടുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഉൽപ്പാദനച്ചെലവിനനുസരിച്ച് ആഭ്യന്തരവിപണിയിലും വിദേശ വിപണിയിലും ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്ത സാഹചര്യം ഉൽപ്പാദനം നിർത്തിവയ്ക്കാൻ കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം-

(എ) കാൽലക്ഷത്തോളം തൊഴിലാളികൾ കൊഴിഞ്ഞു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സഹകരണ ടെക്സ്റ്റൈയിൽസ് കമ്പനികൾ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല. കുറച്ചു വർഷങ്ങൾക്കു മുൻപ് പ്രവർത്തനരഹിതമായിരുന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ 2009 ആഗസ്ത് 31-ന് തുറന്നു പ്രവർത്തനം ആരംഭിച്ചു. സ്വകാര്യ ടെക്സ്റ്റൈൽസ് മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ നിലനിൽപ്പിനും അഭിവൃദ്ധിക്കും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

പരമ്പരാഗത വ്യവസായരംഗം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

215(922) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പരമ്പരാഗത വ്യവസായരംഗത്ത് എന്തൊക്കെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ പുതിയ സാങ്കേതികവിദ്യ പകർന്നു നൽകുന്നതിന് സംസ്ഥാനത്ത് ഏതൊക്കെ പ്രവർത്തനങ്ങൾക്ക് രൂപം നല്കി എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് തകർച്ച നേരിടുന്നതായ ഏതൊക്കെ പരമ്പരാഗത വ്യവസായങ്ങളാണ് നിലവിലുള്ളത് എന്നത് സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ ;

(ഡി) ഇത്തരം പഠനങ്ങളിൽ നിന്നും ഏതൊക്കെ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളാണ് തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത് ;

(ഇ) ഇവ പുനരുജ്ജീവിപ്പിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കെൽപാം :

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കെൽപാം കരിമ്പനാധിഷ്ഠിത വ്യവസായ തൊഴിലാളി കുടുംബങ്ങൾക്ക് ക്ഷേമ പദ്ധതിയുടെ ഭാഗമായി ജന്യശ്രീ ഭീമായോജന പദ്ധതി നടപ്പിലാക്കി. കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.ബി.സി. എഫ്.ഡി.സി.-യുടെ വായ്പ പദ്ധതി നടപ്പിലാക്കി. കരിമ്പന കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. കരിമ്പന ഉല്പന്ന വികസനത്തിന്റെ ഭാഗമായ കൊറ്റാമത്തെ ശീതളപാനീയ യൂണിറ്റും പനയോല കരകൗശല നിർമ്മാണ യൂണിറ്റും വൈവിദ്ധ്യവൽക്കരണം ചെയ്തു. പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയിലുള്ള പനം നാര് സംസ്കരണ കേന്ദ്രം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി പരമ്പരാഗത തൊഴിൽ മേഖല വിപുലപ്പെടുത്തി.

കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ :

പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻസ് വ്യവസായ യൂണിറ്റുകൾ നടത്തുവാനായി വായ്പകൾ നൽകുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ബി.സി.എഫ്.ഡി.സി.-യിൽ-നിന്നും ലഭിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള പദ്ധതിയിൽ നിന്നും ലഭിക്കുന്ന ഫണ്ടിൽ നിന്നുമാണ്. മൺപാത്ര നിർമ്മാണം, ഹാന്റി ക്രാഫ്റ്റ്സ്, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, വെള്ളിയാഭരണങ്ങൾ നിർമ്മാണം എന്നിവയ്ക്കു വേണ്ടിയാണ് വായ്പകൾ നൽകുന്നത്. ആർട്ടിസാൻസ് യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുവാനായി കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ആർട്ടിസാൻസ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൈത്തൊഴിൽ മംഗത്ത് സ്ത്രീകൾക്ക് പരിശീലനം നൽകുന്നതിനായി ഗൃഹസ്ഥ എന്ന പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹാന്റിക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള :

നവി മുംബൈയിൽ കേരള ഹൗസിലും തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങി. കോഴിക്കോട്ടും കൊല്ലത്തും തിരുവല്ലയിലും പ്രവർത്തിക്കുന്ന വിൽപനശാലകൾ കൂടുതൽ വ്യാപാര സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ 17.5 ലക്ഷം രൂപ അനുവദിച്ചു. ഊട്ടി കൈരളി ഷോറും മോടി പിടിപ്പിച്ചു. കരകൗശല ഉല്പാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തി പുതിയ സാങ്കേതികവിദ്യ പകരുന്നതിന്റെ ഭാഗമായി ആധുനിക 3 ഡി പെന്റോ ഗ്രാഫ് വുഡ് വർക്കിംഗ് മെഷീൻ സ്ഥാപിക്കാനായി 25.20 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരത്തെ എസ്സ്.എം.എസ്സ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിന് 150 ലക്ഷം രൂപയും അട്ടക്കുളങ്ങരയിൽ പുതിയ വില്പനശാല ആരംഭിക്കാൻ 25 ലക്ഷം രൂപയും അനുവദിച്ചു. കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശില്പികൾക്ക് NBCFDC-യുടെ ലോൺ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു. 2001-06 കാലഘട്ടത്തിൽ കരകൗശല ശില്പികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർത്തു. കരകൗശല മംഗത്ത് 2 കോടി രൂപയുടെ റാ മെറ്റീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി. 2010-11 സാമ്പത്തിക വർഷത്തിൽ 1000 കരകൗശല തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. നഷ്ടത്തിലായിരുന്ന കോർപ്പറേഷൻ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വില്പനയുടെ കാര്യത്തിൽ സർവ്വകാല റെക്കോർഡ് കൈവരിക്കാൻ കഴിഞ്ഞു.

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് :

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-08 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും പിന്നീട് ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10% റിബേറ്റിന് പുറമേ അധികമായി 10% റിബേറ്റ് കൂടി അനുവദിക്കുകയും (ആകെ 20%) ഈ അധിക റിബേറ്റിനു വേണ്ടി 525 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25%-വും 2009 മുതൽ 50%-വും വർദ്ധിപ്പിച്ചു. മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന്

20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി.

4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപാ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയും ആക്കി. ഇപ്പോൾ ഒരു വർദ്ധനവും കൂടി നൽകി ഇത് 500 രൂപയാക്കി.

5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിലേക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും വകയിരുത്തി. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

8. ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി. നിലത്തിരുന്ന് ചർക്ക പ്രവർത്തിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10 വർഷം 400 ഖാദി കൈത്തൊഴിൽകാർക്ക് മേശയും സ്റ്റൂളും നൽകി. 2010-11 വർഷം ഇക്കാര്യത്തിലേക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. ഖാദി വിൽപ്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥിനികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു

14. തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

15. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/Sliver വിതരണം ചെയ്യുന്നുണ്ട്.

16. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാംബു കോർപ്പറേഷൻ :

പരമ്പരാഗത വ്യവസായ സ്ഥാപനമായ ബാംബു കോർപ്പറേഷന്റെ കീഴിൽ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തൊഴിലാളികളെ സംഘടിപ്പിച്ച് നിലവിൽ 11 യന്ത്രവൽകൃത കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. 19 CMWC-കൾ ആരംഭിച്ചു. ഇതുമൂലം 500-ഓളം പേർക്ക് നേരിട്ടും നിരവധിപേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുമെന്ന് കണക്കാക്കുന്നു. മാത്രമല്ല മുള ഉപയോഗിച്ച് ഫ്ളോറ്റന്റ് ബാംബു ബോർഡ് നിർമ്മാണം ആരംഭിക്കുകയും ഇതിന്റെ സുഗമമായ ഉല്പാദനത്തിന് 4 ഫീഡർ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. കൂടാതെ കോഴിക്കോട് ജില്ലയിൽ നല്ലളത്ത് ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ബാംബു ഫ്ളോറിംഗ് ടൈൽ ഫാക്ടറി താമസിയാതെ ഉദ്ഘാടനം നടത്തുവാൻ തീരുമാനിച്ചു. ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 2006 മുതൽ 15% വീതവും 2008 മുതൽ യഥാക്രമം 15%-വും 10%-വും കൂലി വർദ്ധിപ്പിച്ച് നൽകി. 2007 മുതൽ ഈറ്റ വെട്ട്/ലോഡിംഗ്/ഇതര തൊഴിലാളികൾക്ക് പി.എഫ്. നടപ്പിലാക്കി. കൂടാതെ ഇവർക്ക് സൗജന്യ റേഷനും നൽകിവരുന്നു. 2009-10-വർഷത്തിൽ ഇവർക്കുള്ള ഇൻസന്റീവ് 5%-മായി വർദ്ധിപ്പിച്ചു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ :

1. കശുവണ്ടിവികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുവാൻ കഴിഞ്ഞു. 2009-10 സാമ്പത്തിക വർഷം 284 ദിവസത്തേയും 2010-11 സാമ്പത്തിക വർഷം 242 ദിവസത്തേയും തുടർച്ചയായി ജോലി നൽകി വരുന്നു. 1998 മുതൽ 2006 വരെ പരിഞ്ഞുപോയ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകി.
2. കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡുകൾ നിർമ്മിക്കുകയും 2 ഫാക്ടറികൾ ISO നിലവാരത്തിലുള്ളതായി മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും നടത്തി വരുന്നു.
3. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.
4. നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ 'ഫ്ളെക്സിപാക്കിംഗ് സിസ്റ്റം' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ 'ഫ്ളക്സി പാക്കിംഗ്' പരപ്പിനാണ് മാർക്കറ്റുള്ളത്.

കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്. CFTRI-യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, ക്യാഷു വിറ്റ, കാഷ്യൂബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിനും 75000-ഓളം തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്. കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനുവേണ്ടി രൂപീകരിച്ച കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദിഎക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ എന്ന ഏജൻസി മുഖേന 19.55 ലക്ഷം കശുമാവിൻ തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളുടെ 245 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടത്തി. കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ അമുൽ, എസ്.റ്റി.സി. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിലേക്ക് 'CDC CASHEWS' എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി പരിപ്പും, മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉല്പാദിപ്പിച്ച് വില്പന വിപുലീകരിക്കുന്നതിലേക്ക് ഫ്രാഞ്ചൈസികളും ഔട്ട്ലെറ്റുകളും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർഫെഡ്, എന്നിവയുടെ ഔട്ട് ലെറ്റുകൾ, കെ.റ്റി.ഡി.സി-യുടെ തെരഞ്ഞെടുത്ത പാർലറുകൾ റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ പമ്പുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിനകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തി. എം. കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. കൂടാതെ റഷ്യ, ചൈന എന്നീ രാജ്യങ്ങളിലേക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കാപ്പെക്സ് :

കാപെക്സിന്റെ 10 ഫാക്ടറികൾ പൂർണ്ണമായും നവീകരിച്ച് തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നൽകി. 1998 മുതൽ 2006 വരെ പിരിഞ്ഞ തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തു. കഴിഞ്ഞ വർഷം 260 തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു.

ബീഡി :

ബീഡി വ്യവസായ രംഗത്ത് ദിനേശ് ബീഡി സഹകരണ സംഘത്തിൽ പ്രവർത്തിക്കുന്നവർക്ക് ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം നടത്തി തൊഴിലവസരം സൃഷ്ടിക്കുവാനായി 2006-07-ൽ 4 കോടി രൂപയും 2007-08-ൽ 50 ലക്ഷം രൂപയും 2008-09-ൽ 30 ലക്ഷം രൂപയും 2009-10-ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കൈത്തറി :

2006-07 വർഷത്തിൽ 1591.59 ലക്ഷം രൂപയുടെയും 2007-08 വർഷത്തിൽ 2747.91 ലക്ഷം രൂപയുടെയും 2008-09 വർഷത്തിൽ 6035.89 ലക്ഷം രൂപയുടെയും 2009-10 വർഷത്തിൽ 5608.7 ലക്ഷം രൂപയുടെയും ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. ഫാക്ടറി ഇതര കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. ഫാക്ടറി കെട്ടിടങ്ങൾ നവീകരിക്കുകയും തറികൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. കുടിശ്ശികകൾ അടച്ചു തീർത്തു. യാൺ ബാങ്കുകൾ മുഖാന്തരം നെയ്ത്തുകാർക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള നൂൽ, ചായങ്ങൾ എന്നിവയും ഇവയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ഉദാര വ്യവസ്ഥയിൽ പ്രവർത്തന വായ്പയും നൽകി. കണ്ണൂർ ആലപ്പുഴ മില്ലുകളിൽ സംഘങ്ങൾക്ക് ആവശ്യമുള്ള ഹാങ്ക് യാൺ ഉല്പാദനം 2008-09, 2009-10 വർഷങ്ങളിൽ ആരംഭിച്ചു. 2010-11 തൃശ്ശൂർ സഹകരണ മില്ലിലും ഹാങ്ക് യാൺ ഉല്പാദനം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൈത്തറി ഉല്പന്നങ്ങളുടെ പ്രാദേശിക

LIBRARY ARCHIVES Kerala Legislative Assembly

ബ്രാന്റ് വികസിപ്പിക്കുന്നതിനും, ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും 2010-11-ൽ 20 ലക്ഷം രൂപ വകയിരുത്തി. കൈത്തറി സംഘങ്ങൾക്ക് കൈത്തറി മാർക്ക് സ്കീമിൽ അംഗത്വം നൽകുന്നതിനു വേണ്ടിയും കൈത്തറി ലേബലുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

പ്രാദേശിക ഉല്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്നമംഗലം മുണ്ട്, കുത്താമ്പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബാലരാമപുരം സാരിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. കൂടാതെ നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യ വൽക്കരണത്തിനും വേണ്ടി നടപ്പാക്കുന്ന പരിശീലനവും വൈദഗ്ധ്യ വികസന പരിപാടിയും എന്ന പദ്ധതിക്കായി 2006-07-ൽ 40 ലക്ഷം രൂപയും, 2008-09-ൽ 79.4 ലക്ഷം രൂപയും, 2009-10-ൽ 125 ലക്ഷം രൂപയും 2010-11-ൽ 93.45 ലക്ഷം രൂപയും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന കയർ വികസന കോർപ്പറേഷൻ :

505 കയർ സഹകരണസംഘങ്ങൾക്ക് സ്ഥിരം/പ്രവർത്തന മൂലധനമായി 2382.69 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 565 സംഘങ്ങളുടെ 31-3-2006 വരെയുള്ള സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ) ഓഹരിയാക്കി മാറ്റി. എൻ.സി.ഡി.സി. വായ്പ ഓഹരിയാക്കി മാറ്റി പലിശയും പിഴപ്പലിശയും എഴുതിത്തള്ളി. ഈ മേഖലയുടെ സമഗ്ര പുരോഗതിക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷന്റെ പഠന റിപ്പോർട്ട് അംഗീകരിച്ച് പ്രധാന ശിപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. സംഘം തൊഴിലാളികൾക്ക് നൽകേണ്ട ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്ത് ഇതിനായി 2009-10, 2010-11 വർഷങ്ങളിലായി ഏകദേശം 1.40 ലക്ഷം പേർക്കായി 969.41 ലക്ഷം രൂപ അനുവദിച്ചു. കടാശ്വാസ പദ്ധതി പ്രകാരം ചെറുകിട ഉല്പാദകർക്കും സഹകരണ സംഘങ്ങൾക്കുമായി 2009-10, 2010-11 വർഷങ്ങളിലായി 218 ലക്ഷം രൂപ അനുവദിച്ചു. കേരള കയർ ലോഗോയ്ക്ക് ട്രെയിഡ് മാർക്ക് അംഗീകാരം ലഭ്യമാക്കുകയും കയർ/കയർ ഉൽപന്നങ്ങളുടെ വിപണനത്തിനായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ച് വരികയും ചെയ്യുന്നു. കയർ ഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഉൽപ്പന്നങ്ങൾ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെൽപാം :

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിൽ ഉൽപ്പന്ന വികസനത്തിന്റെ ഭാഗമായി പനംപഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന ശീതള പനീയം ഗ്ലാസ്സ് ബോട്ടിലിന് പുറമേ പ്ലാസ്റ്റിക് ബോട്ടിലിൽ വിതരണം ചെയ്യുന്നതിനുള്ള സാങ്കേതിക പദ്ധതി നടപ്പിലാക്കി. പനംനാർ സംസ്കരിച്ച് വിദേശ വിപണി കണ്ടെത്തുന്നതിന് ആധുനിക യന്ത്രവത്ക്കരണ പദ്ധതി നടപ്പിലാക്കി. കുട്ടികൾക്കും ഗർഭിണി കൾക്കും വേണ്ടിയുള്ള പനവിഭവ ഔഷധ ടോണിക്കായ പാം സിറപ്പ് വാണിജ്യടിസ്ഥാനത്തിൽ ഉല്പാദനം നടത്തുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ :

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ സാങ്കേതിക വിദ്യ പകർന്നു നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് രൂപം നൽകി :

(എ) കൊല്ലത്ത് ഉമയനല്ലൂരിൽ ഒരു മോഡേൺമെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. ഒരു കോടി അൻപത് ലക്ഷം രൂപയാണ് മുതൽ മുടക്ക് ഉദ്ദേശിക്കുന്നത്.

(ബി) കോഴിക്കോട് നടുവണ്ണൂരിൽ വ്യവസായ വകുപ്പിന്റെ മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റിൽ സർക്കാർ സഹായത്തോടെ കാർപെന്ററിക്കും, ബ്ലാക്ക്സ്മിത്തിനും കോമൺ സർവ്വീസ് സെന്ററും റോ മെറ്റീരിയൽ ഡിപ്പോയും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു.

കരകൗശല വികസന കോർപ്പറേഷൻ :

കരകൗശല ഉല്പാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തി പുതിയ സാങ്കേതികവിദ്യ പകരുന്നതിന്റെ ഭാഗമായി ആധുനിക 3 ഡി പെന്റെ സ്ഥാപിക്കാനായി 25.20 ലക്ഷം രൂപ അനുവദിച്ചു. ഖാദി മേഖലയിൽ നെയ്ത്ത് മേഖല ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരു ദ്ധാരത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Roving/silver വിതരണം ചെയ്യുന്നുണ്ട്.

ബാംബു കോർപ്പറേഷൻ :

എറണാകുളം, തിരുവനന്തപുരം ജില്ലകൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ എല്ലാം യന്ത്രവൽകൃതങ്ങളാണ്. കോഴിക്കോട് ജില്ലയിൽ നല്ലളത്ത് 12 കോടി രൂപ മുതൽ മുടക്കി ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ബാംബു ഫ്ളോറിംഗ് ടൈൽ ഫാക്ടറി താമസിയാതെ ഉദ്ഘാടനം നടത്തുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കാപ്പെക്സ് :

കാപ്പെക്സിൽ പരമ്പരാഗത ബോർമകൾ മാറ്റി ഇലക്ട്രിക് ബോർമകൾ സ്ഥാപിച്ചു. വിദേശ വിപണി ലക്ഷ്യം വച്ച് അത്യാധുനിക ഫ്ളക്സി പാക്കിംഗ് മെഷിൻ സ്ഥാപിച്ചു. ആഭ്യന്തര വിപണി മെച്ചപ്പെടുത്തുവാനായി റോസ്റ്റിംഗ് ആന്റ് സോൾട്ടിംഗ് മെഷിൻ സ്ഥാപിച്ചു. അനർട്ടുമായി ചേർന്ന് എല്ലാ ഫാക്ടറികളിലും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

കേരള സംസ്ഥാന കയർ വികസന കോർപ്പറേഷൻ :

ആലപ്പുഴയിൽ കയർ വ്യവസായത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള 18.34 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു. ആലപ്പുഴയിൽ സങ്കരയാണ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി പി.വി.സി. ടഫ്ഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ആധുനിക സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എൻ.സി.ആർ.എം.ഐ. നിരവധി ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കൈത്തറി :

നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യ നേരിടുന്നതിനും പദ്ധതികൾ നടപ്പിലാക്കി. തറി അനുബന്ധ നെയ്ത്തു സാമഗ്രികൾ പുതുക്കുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനും വാർപ്പിംഗ്, ബൈൻഡിംഗ് തുടങ്ങിയവയിൽ യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടെക്സ് ഫെഡിന്റെ നിയന്ത്രണത്തിലുള്ള കണ്ണൂർ മലപ്പുറം മില്ലുകളുടെ പ്ലാന്റ്, മെഷിനറി നവീകരണത്തിനായി 2009-10 വർഷത്തിൽ 150 ലക്ഷം രൂപയും 2010-11 വർഷത്തിൽ 837 ലക്ഷം രൂപയും വകയിരുത്തി. കിൻഫ്രയുടെ മേൽ നോട്ടത്തിൽ കണ്ണൂർ ടെക്സ്റ്റൈൽ പാർക്ക് ആരംഭിച്ചു. ഹാൻവീവിന്റെയും, ഹാന്റ്ക്സിന്റെയും ഷോറൂമുകളും പ്രോസസ്സിംഗ് സെന്ററുകളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൈത്തറി സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ആധുനികവൽക്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചു. ശ്രീ. അരക്കൽ ബാലൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി ഈ രംഗത്തുള്ള സാമൂഹിക, സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പഠനം നടത്തുകയും കൈത്തറി രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിനുള്ള ശിപാർശകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) കൈത്തറി വ്യവസായത്തിന്റെ തകർച്ച പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്.

(ഇ) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാപ്പിനിശ്ശേരി കോട്ടൺസിലെ തൊഴിൽപ്രശ്നം

216(923) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി കോട്ടൺസിൽ നിരവധി വർഷങ്ങളായി തുടരുന്ന തൊഴിൽപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് സമീപകാലത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തൊഴിലാളികളുടെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുവാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ പ്രവർത്തിച്ചുവന്നിരുന്ന മെസ്സേഴ്സ് വെസ്റ്റേൺ ഇന്ത്യ കോട്ടൺസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി കാരണം 17-10-2003 മുതൽ നിലച്ചിരുന്നു. 23-9-2006-ൽ കണ്ണൂരിൽ വച്ച് നടന്ന ചർച്ചയിൽ സ്ഥാപനം തുടർന്ന് പ്രവർത്തിക്കാനുള്ള സാഹചര്യം ഇല്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ അർഹതപ്പെട്ട നഷ്ടപരിഹാര ആനുകൂല്യങ്ങൾ വാങ്ങിപിരിഞ്ഞു പോകുവാൻ സന്നദ്ധമായി 20-10-2006-ൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തീരുമാനിക്കുകയും ആയവ എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷത്തിനകം പൂർണ്ണമായും കൊടുത്തു തീർക്കുവാൻ തീരമാനമാവുകയും ചെയ്തു. എന്നാൽ സാമ്പത്തിക പ്രയാധിനത കാരണം നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികൾക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകിയിരുന്നില്ല. എന്നാൽ ഇപ്പോൾ തൊഴിലാളികൾക്ക് മുഴുവൻ നഷ്ടപരിഹാരത്തുകയും നൽകി കഴിഞ്ഞതായി മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly